# LITTLE.COM

School Magazine 2019 – 20

GHSS Kavanur

# ഞങ്ങളുടെ പ്രധാനാധ്യാപിക




## ജ്യോതി.ഇ.എം.

" ലിറ്റിൽ കൈറ്റ്സിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ 'ലിറ്റിൽ.കോം' മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു"

# താളുകൾ മറിക്കുമ്പോൾ

Editorial..........4
കാവനൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾമികവിന്റെ പാതയിൽ..........5
ആകാശം നഷ്ടപ്പെട്ട പറവകൾ..........7
അശരീരി..........11
Books..........12
കറിവേപ്പില..........13
ദാരിദ്ര്യം കഥ പറയുമ്പോൾ..........14
"ഇന്റർനെറ്റ് സ്വാധീനം കുട്ടികളിൽ"- സാധ്യതകളും ദോഷങ്ങളും..........16
ഇന്ധനസംരക്ഷണം-പാരിസ്ഥിതിക ആരോഗ്യ സുരക്ഷയ്ക്ക്..........18
നഷ്ട പ്രതാപത്തിന്റെ ഇന്നലകൾ..........23
LIFE TIME..........25
LOVE..........26
മണ്ണോടുചേർന്നു..........27
MOTHER..........28
പുനർജനി..........29
സാത്താൻ..........30
തനിച്ച്..........31
വിദ്യാലയം..........32
ഇന്റർനെറ്റ് സ്വാധീനം കുട്ടികളിൽ- സാധ്യതകളും ദോഷങ്ങളും..........33
മാറാലപ്പൂവ്..........36
ജനനി..........37
നീലക്കിളി..........39
ഭൂമി..........40
മഞ്ഞപ്പൂ..........41
*മഴ..........42*
ഓർമത്താളുകളിലൂടെ..........43
കൂട്ടുകാർ വരച്ച ചിത്രങ്ങൾ..........44

# Editorial



ജീവിതം,

അതൊരു യാത്രയാണ്.

നാം,

അതിലെ വാഹനവും.

ഇടയ്ക്കിടെ ബ്രേയ്ക്ക് ചവിട്ടാതെ ,

ജനനം മുതൽ മരണം വരെ,

തളർച്ചയും ക്ഷീണവുമില്ലാതെ,

കാലചക്രത്തിനൊപ്പം നാം

കറങ്ങിക്കൊണ്ടിരിക്കുന്നു.

ആ യാത്രയിൽ നമുക്കൊപ്പം

എന്നും എപ്പോഴും എവിടെയും സന്തോഷങ്ങളും

സങ്കടങ്ങളും , പിന്നെ എങ്ങും മായാത്ത

സ്വൽപം ഓർമ്മയാത്രകൾ കാണാക്കിനാവുകളെ പോലെ,

നമ്മെ മടക്കിയയയ്ക്കുന്നു.

ഈ മാഗസിൻ കൊണ്ട് ഞങ്ങൾ ഉദ്ദേശിക്കുന്നത്

അത്തരത്തിലൊരു എത്തിനോട്ടം മാത്രം.

എങ്കിലും തെറ്റും കുറവുകളും സ്വാഭാവികം.

നാമെല്ലാം മനുഷ്യരല്ലേ.......

ഈ മാഗസിനുമായി സഹകരിച്ച എല്ലാവർക്കും

കടപ്പാടുകൾ ധാരാളം.....................

Student Editor
ഹസ്ന ഷെറിൻ .സി

# കാവന്നൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ മികവിന്റെ പാതയിൽ.........

കാവന്നൂർ പഞ്ചായത്തിലെ ഇളയൂരിലാണ് കാവന്നൂർ ഹയർസെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്നത്.അന്തരിച്ച ചെങ്ങര ശ്രീ.ടി.അയ്യപ്പുണ്ണി എന്നയാൾ സൗജന്യമായി നൽകിയ മൂന്നര ഏക്കർ സ്ഥലത്താണ് വിദ്യാലയം പ്രവൃത്തിക്കുന്നത്.

1974-ൽ ഹൈസ്കൂളായി തുടങ്ങി 2002-ൽ ഹയർസെക്കൻഡറിയായി ഉയർന്ന നമ്മുടെ വിദ്യാലയം ജനപ്രതിനിധികൾ,ജില്ലാപഞ്ചായത്ത്,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സർവ്വോപരി നല്ലവരായ നാട്ടുകാർ തുടങ്ങിയവരുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾക്കൊണ്ടും പിന്തുണക്കൊണ്ടും ഇന്ന് കേരളത്തിലെ തന്നെ മികച്ച വിദ്യാലയങ്ങളുടെ നിരയിലേക്ക് എത്തിച്ചേർന്നതിൽ എല്ലാവർക്കും അഭിമാനിക്കാം.

കാവന്നൂർ പഞ്ചായത്തിലെ സാധാരണക്കാരായ ജനങ്ങളുടെ വിദ്യാഭ്യാസവും,സാംസ്കാരികവുമായ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച കാവന്നൂർ ഗവൺമെന്റ് ഹയർസെക്കഡറി സ്കൂൾ ഒരു ചരിത്ര വിജയത്തിന്റെ ആഘോഷത്തിലാണ്.വിദ്യാലയത്തിന്റെ ചരിത്രത്തിൽ വീണ്ടും SSLC പരീക്ഷയിൽ 100 % വിജയം എന്ന നേട്ടം കൈവരിക്കാൻ സാധിച്ചു. 22 കുട്ടികൾക്ക് full $A^{+}$,16 കുട്ടികൾക്ക് 9 A+,26 കുട്ടികൾക്ക് 8 A+ എന്നിങ്ങനെ കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

NMMS പരീക്ഷയിൽ 4 കുട്ടികൾ സ്കോളർഷിപ്പിന് അർഹരായി,കൂടാതെ സബ്ജില്ല സ്കൂൾ കലോത്സവത്തിൽ തുടർച്ചയായ കലാകിരീടം , പ്രവൃത്തിപരിചയമേളയിൽ മികച്ച പ്രകടനം, കായികമേളയിൽ സുബ്രതോ കപ്പ് സബ്ജില്ലാ ചാമ്പ്യൻമാർ, ഗാന്ധിദർശൻ കലാമേളയിൽ രണ്ടാം സ്ഥാനം എന്നിവ സ്വന്തമാക്കാൻ വിദ്യാർഥികളുടേയും അധ്യാപകരുടേയും രക്ഷിതാക്കളുടേയും അക്ഷീണ പ്രവർത്തനത്തിലൂടെ സാധിച്ചു.

കുട്ടികളിലെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന്,ശ്രദ്ധ,മലയാളത്തിളക്കം എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു.Little Kites,JRC,മറ്റു ക്ലബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ സജീവമായി നടന്നു വരുന്നു.

ഇനിയും ഈ വിദ്യാലയത്തിന് ഒരുപാട് നേട്ടങ്ങൾ കൈവരിക്കാനുണ്ട്.എല്ലാവരിൽ നിന്നു സർവ്വവിധ പിന്തുണയും,സഹകരണവും പ്രതീക്ഷിക്കുന്നു..............

# ആകാശം നഷ്ടപ്പെട്ട പറവകൾ

നേരം പുലർന്നു.കോഴികൾ കൂകേണ്ട സമയം.പ്രകൃതിയമ്മ ഉണർന്ന് പ്രവർത്തിക്കേണ്ട സമയം.പക്ഷേ,എല്ലാവർക്കും എന്തുപറ്റി?എന്തൊരു മൂകത!മീനു എഴുന്നേറ്റു വന്നപ്പോൾ കണ്ടത് ഒരു നിശബ്ദമായ രാവിലെയാണ്.എല്ലാവർക്കും എന്തുപറ്റി?പ്രകൃതിയമ്മ ആകെ തളർന്ന് അവശയായത് പോലെ അവൾക്ക് തോന്നി.എല്ലാ ദിവസവും രാവിലെ തന്നെ ഉന്മേഷവതിയായി ഏവരേയും വിളിച്ചുണർത്തുന്ന പ്രകൃതിയമ്മ ഇന്ന് രാവിലെയുണർന്നപ്പോഴേക്കും തളർന്നിരിക്കുന്നു. എത്രയോ ദിനരാത്രങ്ങൾ താങ്ങിയ  പ്രകൃതിയമ്മക്ക് ഇന്നത്തെ ഒരു രാവിലെയെ തന്നെ വരവേൽക്കാൻ കഴിവില്ലേ?എന്തൊരു ഭയാനകരമായ അവസ്ഥയാണിത്?മീനു കുറേ ചിന്തിച്ചുകൊണ്ടിരുന്നു.മീനൂ,എന്താ നീയിങ്ങനെ ആലോചിച്ചുകൊണ്ടിരിക്കുന്നത്? രാവിലെ ഉണർന്നെഴുന്നേറ്റിട്ട് എത്ര നേരമായെന്നറിയുമോ? നീ എഴുന്നേറ്റപ്പോൾ എടുത്തുവെച്ച കാപ്പി തണുത്തിട്ടുണ്ടാകും.വന്ന് മുഖം കഴുക്...

അമ്മയുടെ വിളികൾ അവളെ ചിന്തകളിൽ നിന്നും തടിത്തെറിപ്പിച്ചു. അവൾ ഇന്ന് കൂടുതൽ ഉന്മേഷവതിയായിരുന്നു. അവൾ വേഗം മുഖം കഴുകി അടുക്കളയിലേക്ക് ചെന്നു. അവിടെ അമ്മ എടുത്തുവച്ച ചായയിൽ ഈച്ച വീണിരിക്കുന്നു. അവൾക്ക് ദേഷ്യം തോന്നി. “അമ്മേ, എന്തായിത്? കാപ്പിയിൽ ഈച്ച വീണിരിക്കുന്നു, എനിക്ക് വേണ്ടാ". അവൾ പറഞ്ഞു.

“പിണങ്ങല്ലേ മീനു, രാവിലെ തന്നെ നീ പിണങ്ങിയാലോ,അമ്മ മോൾക്ക് വേറെ കാപ്പിയിട്ടു തരാം.” അമ്മ വേറെ കാപ്പിയിട്ടു. അവൾ അത് ഊതിയൂതി കുടിച്ചു. “അമ്മേ ഞാൻ തോട്ടത്തിലേക്ക് പോവുകയാണേ.”എന്നും പറഞ്ഞ് അവൾ വീട്ടിൽ നിന്നും ഇറങ്ങി.

പൂന്തോപ്പിലൂടെയും അടുക്കളത്തോട്ടത്തിലൂടെയും അവൾ പാറി നടന്നു. പിന്നിടാണവൾ ശ്രദ്ധിച്ചത് ഒരൊറ്റ പൂവും വിടർന്നിട്ടില്ല. ഒരൊറ്റ കായും പഴുത്തിട്ടില്ല. അവൾക്ക് സങ്കടം വന്നു. അവൾ തന്റെ രാവിലെ കണ്ട കണിയെ ഓർത്തു. അവൾ സൈലന്റ്വാലിയിലാണോ എന്നു വരെ അവൾ ഓർത്തു പോയി.

'എന്താണാവോ ഇതിനു പിന്നിലെ തത്വം'.അവൾ ഓരോന്നോർത്തുകൊണ്ട് പതുക്കെ പതുക്കെ നടന്നു. അവളുടെ കൂട്ടുകാരെയൊന്നും അവൾക്ക് കണ്ടെത്താനായില്ല. എല്ലാ ദിവസവും രാവിലെ കൃത്യസമയത്ത് വരാറുള്ളതാണല്ലോ? ഇന്ന് അവർക്കെന്തുപറ്റി? എല്ലാവരും ഇന്നെവിടേക്കു പോയി? ഇന്നെന്താ സൂര്യൻ പടിഞ്ഞാറുദിച്ചോ?അവൾ ഓരോന്നാലോചിച്ചുകൊണ്ട് നടന്നു.




പെട്ടെന്ന് അവൾക്കൊരു ഉൾവിളി ഉദിച്ചു. എത്ര സമയമായി വീട്ടിൽ നിന്നും ഇറങ്ങിയിട്ട്? അമ്മ വിളിക്കുന്നുണ്ടാകുമോ? അവൾ തിരിച്ച് നടന്നു. അവൾക്ക് ഇന്നത്തെദിവസത്തെ കുറിച്ച് മടുപ്പ് തോന്നി. ഞാറാഴ്ച്ചയായതുകൊണ്ട് എല്ലാവരുമൊത്ത് കളിച്ചുതിമിർക്കാമെന്ന് കരുതിയതായിരുന്നു അവൾ. പക്ഷെ, ആരെയും കാണാതെ വന്നപ്പോൾ അവൾക്ക് സങ്കടം തോന്നി. “അവർക്കെന്നെ വേണ്ടേ, ഇതുവരെ കൂട്ടുകാരായിരുന്നില്ലേ, ബോബനും, മോളിയും, കിങ്ങിണിയും, അമ്മുവുമെല്ലാം എവിടെ അവർക്ക് എന്നെ വേണ്ടേ”,അവൾ നടന്നുകൊണ്ടിരുന്നു.

പെട്ടെന്ന് അവൾക്ക് വഴിതെറ്റി.അവളാകെ പരിഭ്രാന്തയായി. അവളുടെ കാലുകൾ നടന്ന് നട്ന്ന കുഴയുന്നു. അവൾ അമ്മയെ ഒരു നിമിഷം മനസ്സിൽ കണ്ടു.മുമ്പിൽ കണ്ടന്ന വഴികളിലൂടെയെല്ലാം അവൾ സഞ്ചരിച്ചു. അവൾക്ക് ഉൾവനത്തിൽ അകപ്പെട്ടതുപ്പോലെ തോന്നി,പെട്ടെന്ന് അവൾ കണ്ണെത്താദൂര-ത്ത് ഒരു ആൾക്കൂട്ടത്തെ കണ്ടു. കാലുകൾ കുഴയുന്നുണ്ടെങ്കിലും അവൾ വേച്ച് വേച്ച് അവിടേക്കു നടന്നു. അവിടേക്കു നടന്നു. അവിടേക്കടുക്കുന്തോറും അവൾക്ക് സന്തോഷമായി. അവൾ ഇതുവരെ അന്വേഷിച്ചവരെ-ല്ലാം ആൾക്കൂട്ടത്തിനിടയിലുണ്ട്. അവൾ ആൾക്കൂട്ടത്തിലേക്ക് തിരക്കിക്കയറി. തന്റെ നാട്ടുകാരെയും പിന്നെ കുറേ അപരിചിതരെയും തളർന്നിര്ക്കുന്ന ബാല്യങ്ങളെയും അവൾ കണ്ടു. അവൾ അവരെ ഒന്ന് നിരീക്ഷിച്ചു.

നനഞ്ഞതും ചെളിയുള്ളതും മുഷിഞ്ഞതുമായ വസ്ത്രങ്ങളണിഞ്ഞ, നീണ്ട മുടിയുമെല്ലാമുള്ള താൻ കണ്ടിട്ടില്ലാത്ത ധാരാളം അപരിചിത മുഖങ്ങളെ അവൾ കണ്ടു. അവൾക്ക് എന്തൊക്കെയോ തോന്നി. മുതിർന്നവർ സംസാരിക്കുകയും അഭിപ്രായം പറയുകയും സന്മനസ്സിന്റെ ഉടമകൾ ധാരാളം പേരെ പൊളിയനായ വഞ്ചികളിൽ നിന്ന് കരകയറ്റുകയും ചെയ്യുന്നു. ആ വഞ്ചികളിൽ മുതിർന്നവരും കുട്ടികളും സ്ത്രീകളുമെല്ലാം ഉണ്ടായിരുന്നു. പരിചിതമായ ചിലർ പറയുന്നതും മന്ത്രിക്കുന്നതും കേട്ടുകൊണ്ട് അവളിരുന്നു.

അതെല്ലാം കൂട്ടിച്ചേർത്ത് അവൾ മനസ്സിൽ വായിച്ചു:-സ്വന്തം നാടും വീടും വിട്ടുവന്ന ഈ അപരിചിതർ എവിടെയോ നിന്ന് ഇവിടേക്ക് കുടിയേറിയതാണ്. വർഗ്ഗം,ജാതി,മതം എന്നിവയുടെതൊക്കെ അടിസ്ഥാനത്തിൽ ഓരോ നാടുകളിൽ നിന്നും കുടുംബത്തോടെ മനുഷ്യത്തമില്ലാത്തവരായ ആരൊക്കെയോ ആട്ടിയോടിച്ചതാണിവരെ.

കള്ളത്തിന്റെയും,ചതിയുടെയും,കൂട്ടകൊലകളുടെയും ഇടയിൽ നിന്ന് സ്വന്തം പ്രാണരക്ഷാർത്തം കുടുംബക്കാരെയോ സ്വനേതം മാതാപിതാക്കളെയോ പോലും നോക്കാതെ തിരിഞ്ഞോടിയവരാണീ മുഷിഞ്ഞ വേഷക്കാർ. ഇവരുടെ മനസ്സിൽ, അവരുടെ മാതാപിതാക്കും കുടുംബക്കാരും വേറെയെവിടെയെങ്കിലും ഇങ്ങനെ ആരെങ്കിലും രക്ഷപ്പെടുത്തിയിട്ടുണ്ടാകുമെന്നാണ്. അങ്ങനെയൊക്കെയുള്ള ഒരു ആത്മവിശ്വാസത്തിന്റെ പേരിലാണ് ഇവർ ജീവിക്കുന്നത്.

ഭക്ഷണവും വെള്ളവും എല്ലാം കഴിച്ചിട്ട് ആവ്ചകളോ മാസങ്ങളോആയിരിക്കാം. അത്രയും ദിവസം വഞ്ചികളിലും മോഷ്ടിച്ച കപ്പലുകളിലും ചിലവഴിക്കുകയായിരുന്നു അവർ.

സ്വന്തം നാടും വീടും എല്ലാം ഉപേക്ഷിച്ച് പ്രാണരക്ഷാർത്ഥം ഓടിയവരായ ഇവർക്കിടയിൽ നമ്മളൊക്കെ എത്ര ഭാഗ്യവാന്മാരാണ്. സുഖങ്ങൾക്കും ആർഭാഢങ്ങൾക്കുമെല്ലാം വേണ്ടി മനുഷ്യൻ എന്തൊക്കെയോ ചെയ്യുന്നു. അത്യാഗ്രഹവും അത്യാർത്തിയും മനസ്സിൽ കൊണ്ടു നടക്കുന്ന നമ്മൾ ഇവർക്കു മുന്നിൽ എത്രയോ മുതിർന്നവരാണ്, കഴിവുള്ളവരാണ്. ആർഭാഢങ്ങൾക്കു വേണ്ടിയെല്ലാം നാം പണിതുയർത്തുന്ന വീടുകൾ ഇവർക്കിപ്പോൾ കൊട്ടാരങ്ങളാണ്.

ഒരു പക്ഷെ , ഇവരും ഇങ്ങനെയൊക്കെയുള്ള ആർഭാഢങ്ങളിൽ ജീവിച്ചവരായിരിക്കാം. നാട്ടിലെ ഏറ്റവും വലിയ പ്രമാണിമാരും മുതലാളിമാരുമായിരിക്കാം. പക്ഷെ, ഒരു രാത്രി അല്ലെങ്കിൽ ഒരു പകൽ അതുമല്ലെങ്കിൽ ഒരു നിമിഷം മതി, ഏതു ജീവനും  ഏതു സമ്പന്നനും ദരിദ്രനാകാൻ. സ്വന്തംth ജന്മനാട്ടിൽ നിന്നും സ്വന്തം ഭൂമിയിൽ നിന്നും ആട്ടിയോടിക്കപ്പെട്ട ഇവരുടെ പിന്നിൽ ആരായിരിക്കും? ആരുടെ ഒത്തു കളിയായിരിക്കും? മനുഷ്യത്തമില്ലാത്ത നരഭോജികളായിരിക്കും ഇതിന്റെയെല്ലാം പിന്നിൽ. അവൾ ഓർത്തു.

രാവിലെ എഴുന്നേറ്റു വന്നപ്പോൾ പ്രകൃതിയമ്മ മൂകയായിരിക്കുന്നത് ഈ കാരണത്തിന്റെ പേരിലാകാം. അവൾ വീണ്ടും വീണ്ടും ആവർത്തിച്ചു പറഞ്ഞു.

കാറ്റ് അവളെ ചിന്തകളിൽ നിന്നും ഉണർത്തി. അപ്പോൾ അവൾ ചുറ്റും നോക്കി. അപ്പോൾ അവളുടെ അടുത്തുണ്ടായിരുന്ന രാമൻ മാഷ് പറയുന്നത് അവൾ കേട്ടു: "ആകാശം നഷ്ടപ്പെട്ട പറവകളാണിവർ”.

അവൾക്ക് ആ വാക്ക് മനസ്സിലുദിച്ചു. അവൾ ആ പ്രസ്താവന മനസ്സിൽ ശരി വെച്ചു. വാസ സ്ഥലം നഷ്ടപ്പെട്ട പറവകളെ പോലെ ജന്മഭൂമി നഷ്ടപ്പെട്ട മനുഷ്യരാണവർ.

Husna Sherin 9 A

# അശരീരി




കാണാ കിനാക്കൾ തന കര വലയങ്ങളിൽ
കണ്ടു മുഷിഞ്ഞൊരു കാൽപ്പനികതകളിൽ
അരമന ചോർത്തിയ ചാര പ്രവർത്തനങ്ങളിൽ
അടുക്കം ചിട്ടയുമില്ലാ ചിന്താ ചേഷ്ടകൾ
ഭവ്യതയൂറുമെൻ ജീവിത സായന്തനങ്ങൾക്ക്
ഭക്തിയും ജീവസ്സറ്റ സായൂജ്യങ്ങളുമേകിയ
ശൈത്യ കാല തേൻ വസന്തം

നാഡി യോജിപ്പുകൾ കൊരുത്തിട്ട കൗമാര കാലത്ത് ,
നിറമില്ലാ വിയോജിപ്പ് സമ്മാനിച്ച കാലത്ത്
വ്യഥാ നിർഭരമായെന്നുൾക്കോൺ വെളിച്ചത്തെ
ഭ്രുവിലേക്കാകമനം ചെയ്തതും നീ
പൊലിഞ്ഞൊരെൻ  ജീവിത കടാക്ഷങ്ങളെ
പിളർന്നൊരെൻ ജന്മ സാക്ഷാത്ക്കാരങ്ങളെ
നിത്യ കോലാഹങ്ങൾക്കിടയിലെന്നോ
പൊടി തട്ടിയെടുത്ത പാറാവുകാരൻ
പാഴ്ച്ചി ഉഴഞ്ഞ് ലക്ഷ്യം മറന്നെൻ
അബോധ മനസ്സിൻ മണ്ടലങ്ങളെ
സുഷുപ്തിയിലെത്തിച്ചതും നീ
കൈവിട്ട ക്രിയാത്മക ശേഷികളെ
കാലത്തിൻ പുതു വഞ്ചിയിലേറ്റിയതും നീ
നസ്സിൻ മഹാ പ്രളയത്തെ
നയന സൂചിയിൽ നിയന്ത്രിക്കുന്നതും നീ
എൻ മുഖം തൊട്ട കണ്ണാടിക്ക്
പ്രതിഫലനവും നീ മാത്രം

നിഹാല യാസ്മിൻ. പി.സി. 9A

# Books




*what world of wonder are books!*
*as one opens them and looks,*
*new ideas and people rise,*
*in our fancies and our eyes.*

*The room we sit in melts away*
*and we find ourselves at play*
*with someone who, before the and*
*may become our chosen friend.*

*Or we sail along the page*
*to some other land or age,*
*here, s our mind is over there.*
*But our mind is over there.*

*Each book is a magic box*
*which a touch a child unlocks.*
*In between their outside covers*
*books hold all things for their lovers.*

# കറിവേപ്പില

എന്നൾത്താര ഖണ്ഡിച്ചെത്തിയ
സുകുമാര്യമേ.....
എന്നത്താണി നിലയില്ലാ നീർച്ചാലോ...?
സ്വര ദീപ്തി കീഴടക്കിയവൾതൻ
മാദകമനവല്ല ഞാൻ , പ്രാവീണ്യനാം
എന്നാത്മ നിയന്ത്രണങ്ങൾ
അസഹനീയ വല്ലരിയാണീ
വല്ലഭന, ചുരുളഴിയാത്തുൽക്കണ്ഡകളിൽ
നിൻ ഘ്രാണോന്മുഖ മേന്മകളിൽ
അലിഞ്ഞനേകം അന്ധവിശ്വാസങ്ങളിൽ
എന്നഗാധമാം ദൃഷ്ടി കോണന്ത്യം
ദർശിച്ചതവൾതൻ നീരസ മുറ്റം;
അനുകമ്പയില്ലാ ആട്ടിയിറക്കലിൽ
പേരറിയാത്തോട സൂക്ഷിപ്പുകാരനോ ഞാൻ
മെഴുതിരി തൻ തിരിയോ;
അതോ നിർണ്ണായക മെയ് വിധി തൻ
നനഞ്ഞ താളോ...
കൊലുസ്സിൻ വെള്ളിമണവുമസഹനീയ



കിലുക്കങ്ങളും ദ്വാരമിട്ടെന്നാത്മാവിൻ
ഉൾച്ചുഴി നിർവ്വചിക്കാ നിർവ്വതിയിൽ
ക്ഷത്രിയനായ് ഞാൻ വിന്യസിക്കും
എൻ ബലഹീനതക്ക് അവിഭാജ്യ
ഏങ്ങലായ് നീ നിത്യം.
കാർമേഘം സ്തംഭിച്ച പാടവങ്ങളിൽ
നനഞ്ഞൊരുന്മാദ ലഹരി
അടങ്ങിയെന്നഭിനിവേശ പുലരി
കൊളുത്തിയ കാമിനി നിന്നകതാരിൽ
ദയാലുവോ ഞാനനശ്വർത്ഥൻ
നീ മൂലം ഞാൻ, നിനക്കായ്....!

Husna Sherin.C 9A

# ദാരിദ്ര്യം കഥ പറയുമ്പോൾ..........

ഇന്നവൾക്ക് വളരെ സന്തോഷമുള്ള ദിവസമാണ്.

കാരണം ക്ലാസ്സിലെ പരീക്ഷയിൽ ഒന്നാം സ്ഥാനത്തോടെ വിജയിച്ചതിനാൽ അവൾക്ക് ഒരു സമ്മാനവും ലഭിച്ചു. ആ സമ്മാനവുമായി അമ്മയുടെ അടുത്തേക്ക് ചെന്നാൽ അമ്മ ഒരു പാട് സന്തോഷിക്കുമെന്നവൾക്കറിയാമായിരുന്നു. സ്കൂൾ വിട്ട ഉടനെ തന്നെ അവൾ വീട്ടിലേക്കോടി. വീട്ടിലെത്തിയപ്പോൾ അവൾ കണ്ടത് അമ്മ വിറകുണ്ടാക്കുന്നതായിരുന്നു. വളരെ ക്ഷീണിതയായിരുന്നു അമ്മ .

അവൾ സമ്മാനവുമായി അമ്മയുടെ അരികിലേക്ക് ചെന്നു പറഞ്ഞു;" അമ്മേ, ഈ പരീക്ഷയിൽ ക്ലാസ്സിൽ ഒന്നാം സ്ഥാനം നേടിയത് ഞാനാണ്.എനിക്ക് സമ്മാനവും കിട്ടി. നോക്കമ്മേ". അവൾ സമ്മാനം അമ്മക്ക് മുന്നിലേക്ക് നീട്ടിയപ്പോൾ ക്ഷീണത്തോടെയും ദുഃഖത്തോയെയും വലഞ്ഞിരുന്ന ആ കണ്ണുകളിൽ  വാത്സല്യവും സ്നേഹവും സന്തോഷവും കലർന്ന് വിടർന്ന മാഞ്ഞു പോയ പുഞ്ചിരിയോടെ അമ്മ അവളെ മാറോടണക്കിപ്പിടിച്ചു. എന്നിട്ട് പറഞ്ഞു;"അമ്മക്ക് സന്തോഷമായി മോളെ, നീ ഇനിയും നന്നായി പടിക്കണം . നല്ല ജോലി വാങ്ങണം". ഇതെല്ലാം പറയുന്നതിനിടയിലും അവൾ അമ്മയുടെ തേങ്ങൽ ശബ്ദം കേട്ടു.



അമ്മ അവളെ വീടിനകത്തേക്കു കൊണ്ടു പോയി. പുകച്ചുവയ്ക്കുന്നതും മധുരം തീരെ ഇല്ലാത്തതുമായ കട്ടൻ ചായ അമ്മ അവളുടെ കയ്യിൽ കൊടുത്തു. എന്നാൽ അമ്മ മുഖം തിരിച്ചിരിക്കുകയായിരുന്നു. കാരണം നല്ല രുചിയുള്ള ഒരു ചായ പോലും അമ്മക്ക് കൊടുക്കാൻ പറ്റിയിരുന്നില്ല. ഇതവൾക്ക് അറിയാമായിരുന്നു. അമ്മയുടെ ആ വിഷമം മനസ്സിലാക്കിയ അവൾ രുചിയില്ലാത്ത ആ ചായ കുടിച്ച് പുകച്ചുവയെല്ലാം അടക്കിപ്പിടിച്ച് അമ്മയോട് പറഞ്ഞു"ഇന്നത്തെ ചായക്ക് നല്ല രുചിയാണെ"ന്ന്. അത് കേട്ട് അമ്മയുടെ മനസ്സൊന്നിടറിയെങ്കിലും അമ്മ അവളെ സമാധാനിപ്പിക്കുവാനായി മോള് എല്ലാം എഴുതി വരുമ്പോഴേക്കും അമ്മ നല്ല ചോറും കറിയും എടുത്ത് വെക്കാമെന്ന് പറഞ്ഞു.

അവൾ ആ സന്തോഷത്തോടെ പുസ്തകങ്ങളെല്ലാമെടുത്ത് എഴുതാനുള്ളത് പൂർത്തിയാക്കി.

അമ്മയുണ്ടാക്കിയ ഭക്ഷണവും പ്രതീക്ഷിച്ച് അവൾ അടുക്കളയിലേക്കു ചെന്നു. വാതിലിന്നരികിലേക്കെത്തിയപ്പോൾ അടക്കിപ്പിടിച്ച്

കരയുന്ന ഒരു ശബ്ദം കേട്ടു. നോക്കിയപ്പോൾ അടുപ്പിൽ നിന്നും ഉയരുന്ന പുകയുടെ അരികിൽ നിന്ന് അമ്മ കരയുന്നതായിരുന്നു. എന്നാൽ അവൾ അമ്മയോട് കാരണമന്വേഷിച്ചില്ല. ഒരു പക്ഷെ ചോദിച്ചിരുന്നെങ്കിൽ അമ്മ പറയുകപുക കണ്ണിലായപ്പോൾ കരഞ്ഞതാണ് എന്നു തന്നെയാകും.

അവളുടെ വിശപ്പ് അമ്മയുടെ സങ്കടക്കണ്ണീരു കണ്ട് താനെ മാഞ്ഞു പോയി. അവൾക്ക് അമ്മയുടെ കണ്ണീർ കണ്ടു നിൽക്കാൻ പറ്റിയിരുന്നില്ല. അവൾ ഓടി കട്ടിലിലേക്കമർന്നു. പുതപ്പു കൊണ്ട് മുഖമെല്ലാം മൂടി അവളങ്ങ പൊട്ടിക്കരഞ്ഞു. അമ്മ കേൾക്കാതെ എല്ലാ സങ്കടങ്ങളും ആ പുതപ്പിനോടും കട്ടിലിനോടും പറഞ്ഞു.

അമ്മയുടെ കണ്ണീരാണ് ഏതൊരു മകൾക്കും ഏറെ സങ്കടം തരുന്നത്. ആ കണ്ണീർ കാണുമ്പോൾ മനസ്സിലാകും ഒരു കാരണം മകളുടെ സന്തോഷങ്ങൾ നിറവേറ്റാൻ പറ്റാത്തതു

കൊണ്ടഅവളുടെ ചിന്തകളും സങ്കടങ്ങളും വർദ്ധിച്ചു വന്നു. അവളുടെ മനസ്സിൽ ഒരു ചോദ്യം മാത്രമായിരുന്നു;അമ്മയ്ക്കിനി സന്തോഷം എന്ന്?


Sameera .p 8F

# "ഇന്റർനെറ്റ് സ്വാധീനം കുട്ടികളിൽ”- സാധ്യതകളും ദോഷങ്ങളും

## ഇന്റർനെറ്റും    ആധുനിക ലോകവും

ഇന്റർനെറ്റ്; ജീവിതത്തിന്റെ നാനാമേഖലകളിലും സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന  ഇന്റർനെറ്റ് ആധുനിക ലോകത്തിനു മുന്നിൽ ഇപ്പോൾ ജ്വലിച്ച നിൽക്കുകയാണ്. ജീവിത രീതികളിലും ജീവിതത്തിന്റെ സർവ്വ മേഖലകളിലും ഇന്റർനെറ്റ് സ്വാധീനം ഇന്ന് ശക്തിപ്പെട്ടു കൊണ്ടിരിക്കുന്നു. സർവോപരി കുട്ടികളിൽ ഇന്റർനെറ്റ് സ്വാധീനം ഏറിക്കൊണ്ടിരിക്കുന്നു. ജീവനും ജീവിതവും അതിൽ സമർപ്പിക്കപ്പെടുമ്പോൾ അവിടെ നിരവധി സാധ്യതകളും അതിനുമുപരി നിരവധി ദോഷങ്ങളും ഉടലെടുക്കുന്നു.

ആധുനിക വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഇന്റർനെറ്റ് തികച്ചും ഒരു കൈതാങ്ങു തന്നെയാണ് . വിദ്യാസമ്പന്നയുടെ ഒരു മുതൽക്കൂട്ടു തന്നെയാണ് ഇന്റർനെറ്റ്. ഒന്നെന്നല്ല , രണ്ടെന്നല്ല, ആയിരമായിരം വിവരങ്ങൾ ഇന്റർനെറ്റിൽ നിന്നും കുട്ടികൾക്ക് ലഭിക്കുന്നു. ജീവിത ചര്യയുടെ ഒരു ഭാഗമായി തന്നെ മാറിയേക്കാവുന്ന ലോകമാണിന്നിപ്പോൾ ജ്വലിച്ചുനിൽക്കുന്നത് . ജ്ഞാനത്തിന്റെ സർവ്വ സാക്ഷാത്കാരങ്ങളും ഇന്റർനെറ്റിൽ



അടങ്ങിയിരിക്കുന്നു. അതിൽ ഇല്ലാത്തതായി ഒന്നുമില്ല. തികച്ചും അനന്തമായൊരു വിഹായസ്സാണ് എന്നത് വലിയൊരു യാഥാർത്ഥ്യം തന്നെയാണ്. ആധുനിക കുട്ടികളുടെ ഭാവി ജീവിതത്തിനാധാരത്തിന് വലിയൊരു പങ്ക് ഇന്റർനെറ്റിനുണ്ടെന്നു പറയുന്നതിൽ യാതൊരു തെറ്റുമില്ല. പുതുതലമുറ വളർന്നു പന്തലിക്കുകയാണ്. ഐൻസ്റ്റീൻ മുതൽ ലോകം കണ്ട മഹാ ശാസ്ത്ര വ്യക്തികളുടെ ബുദ്ധി സത്വരതയ്ക്കു മുന്നിൽ പിടിച്ചുനിൽക്കത്തക്കവണ്ണം ആധുനിക ലോകം വളരുകയാണ്. കുട്ടികളികളിലെ നാനാ വൈഭവങ്ങൾക്കും ഇന്റർനെറ്റ് ഒരു മുതൽക്കൂട്ടായിരിക്കുകയാണ്. ഇന്റർനെറ്റ് യുഗത്തിൽ ജീവിച്ചുകൊണ്ടിരിക്കുന്ന ഓരോ കുഞ്ഞും ഇന്ന് പിച്ചവെച്ചു തുടങ്ങുന്നത് പോലും ഇത്തരം ഇന്റർനെറ്റിന്റെ സാന്നിധ്യത്തിലാണ്.

എന്നിരുന്നാലും പലപ്പോഴും ഒരു വില്ലനായി മാറുന്നു.

ഏതൊരു വ്യക്തിയേും അല്ലെങ്കിലും മനുഷ്യനേയും പോലെതന്നെ ഇന്റനെറ്റും ഒരു നാണയത്തിന്റ രണ്ടു മുഖങ്ങളായി വർത്തിക്കുന്നു. അത് ഗുണത്തിന്റേയും ദോഷത്തിന്റേയും രണ്ട് മുഖങ്ങളാമണ്. ലോകം വളർച്ചയുടെ ചവിട്ടുപടി കടന്നുകയറുമ്പോഴും മറ്റൊരു ജനത അവിടെ മുരടിച്ചു കൊണ്ടിരിക്കുന്നു. അതിനൊരു ഉത്തമ ഉദാഹരണം തന്നെയാണ് ആധുനിക ലോകത്തെ കുട്ടികളുടെ അമിത ഇന്റർനെറ്റ് ഉപയോഗം. പലതരത്തിലും കുട്ടികൾ ഇന്റർനെറ്റിനടിമപ്പെട്ടുപോകുന്നത് നിത്യജീനതത്തിൽ മറച്ചു പിടിക്കാനാവാത്ത ഒരു സത്യമാണ്. എന്തിനേയും വെല്ലുവിളിച്ച് മുന്നേറാനുള്ള ചോരതിളപ്പും മനോദൈര്യവും കുട്ടികളെ പല തിന്മകളിലേക്കും നയിക്കുന്നു . അനുകരണ-

ഭാവത്തിന്റ യഥാർഥവികാരമാണ് കൗമാരക്കാലം. എന്തിനും അടിമപ്പെട്ടുപോകുന്ന കൗമാരകുട്ടികളിൽ ഇന്റർനെറ്റ് ഒരു വില്ലനായി തന്നെ മാറുകയാണ്. ഇന്റർനെറ്റ് വഴിയുള്ള പല കൈമാറ്റകച്ചവടങ്ങളും മയക്കുമരുന്ന് പോലുള്ള കച്ചവടങ്ങളും ലോകത്തെ പിടിച്ചുനിർത്തുന്ന ഒന്നാണ്. ഇന്റർനെറ്റിന്റെ അമിതോപയോകം കുട്ടികളിൽ പല മാനപഷികമൂല്യങ്ങളെയും തകർത്തു കളയുന്നു. ലോകം കണ്ടതിൽ വെച്ച് ഏറ്റവും വലിയ ഒരു വെല്ലുവിളിയാണ് ഇത്തരം വെല്ലുവിളികൾ.

ചിന്തിച്ച് പ്രവർത്തിക്കുന്നവർക്കു ഇന്റർനെറ്റ് എന്നും ഒരു മുതൽക്കൂട്ടാണ് എന്നാൽ ചിന്തയെ അവഗണിച്ച് മറ്റുവികാരങ്ങളെ തകർക്കപ്പെടുന്നവർക്ക് ഇന്റർനെറ്റ് എന്നും അവർക്കുമുന്നിലെ ഒരു വില്ലനാണ്എന്നത് ഒരു നേർ സത്യമാണ്...

Sandra P 9A

# ഇന്ധനസംരക്ഷണം-പാരിസ്ഥിതിക ആരോഗ്യ സുരക്ഷയ്ക്ക്

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് നമ്മുടേത്.നിമിഷ നേരം കൊണ്ട് പല മേഖലകളിലും നാം പുരോഗതി നേടി കഴിഞ്ഞു.ഇന്ന് നമ്മുടെ മിക്ക മേഖലകളിലും ഉത്പാതനവും ഉപഭോഗവും വർദ്ധിച്ചതായി കാണാൻ സാധിക്കും.അത്തരമൊരു വിഭാകമാണ് ഊർജോൽപാതനം . മനുഷ്യന്റ പുരോഗതിക്കനുസരിച്ച് നാം ഉപയോഗപ്പെടുത്തുന്ന എല്ലാ തലങ്ങളും പുരോഗതി കൈവരിക്കുന്നു.ഇതിന്റ അടിസ്ഥാനത്തിൽ ആധുനിക കാലഘട്ടത്തിൽ ഊർജത്തിന്റ ഉപഭോഗം പതിമടങ്ങ് വർദ്ധിച്ചിരിക്കുന്നു.ഇത്തരമൊരു സാഹചര്യത്തിൽ അതായത്



ഊർജത്തിന്റെ ആവശ്യകത കൂടിവരുമ്പോൾ ഇക്കാലത്ത് അത് പാഴായി പോകാതിരിക്കാനും

അത് മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രമിക്കേണ്ടത് അനിവാര്യമായിരിക്കുന്നു.ഊർജസംരക്ഷണ (energy conservation)ത്തിനെ കുറിച്ച് പറയുന്നതിന് മുൻപ് ആധുനിക കാലഘട്ടം നമ്മുടെ ജീവിതത്തിൽ വരുത്തിയ ചില മാറ്റങ്ങളെ കുറിച്ച് വിലയിരുത്താം.പണ്ട് കൊച്ച് വീടുകളിലും ഗ്രാമങ്ങളിലും താമസിച്ചിരുന്ന നമ്മുടെ ജീവിതത്തിലേക്ക് എത്ര ട്ടെന്നാണ് ഷോപ്പിങ്ങ് മാളുകളും വലിയ വലിയ വ്യവസായശാനകളും കടന്നു വന്നത്.കാലത്തിനനുസരിച്ച് സാങ്കേതിക വിദ്യകള വളരുകയും ഗതാഗതം പോലുള്ള സൗകര്യങ്ങൾ വളരെയേറെ മുന്നോട്ട് കുതിക്കുകയും ചെയ്തിട്ടുണ്ട്.പണ്ടൊക്കെ ചരക്കുകൾ ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോവാൻ എത്രത്തോളം കഷ്ടപ്പാടായിരുന്നു.കാളവണ്ടികളാക്കിയോ അല്ലെങ്കിൽ ആളുകൾ തന്നെ ചുമന്നുകൊണ്ടോ എത്ര ദൂരം സഞ്ചരിച്ചിരുന്നു.പക്ഷെ ഇന്നുണ്ടോ ആ പ്രയാസം.ഇന്ന് ഓരോരിത്തർക്കും ഓരോ വാഹനം എന്നല്ലേ കണക്ക്.അതു പോലെ തന്നെ കാലത്തിനനുസരിച്ച് ജനസംഖ്യയിൽ വന്ന മാറ്റം എത്രത്തോളമാണെന്നുംണെന്നും നമുക്കറിയാം. ഇത്തരം കാര്യങ്ങളൊക്കെതന്നെ ഊർജോപഭോഗവുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു.വളർന്നു വരുന്ന സാങ്കേതിക വിദ്യയും വർദ്ധിച്ചുവരുന്ന ജനസംഖ്യയും ഊർജോപഭോഗം എത്രത്തോളം കൂട്ടിയിരിക്കുന്നു.2000 ആയിരിക്കുമ്പോൾ ഒരു മനുഷ്യൻ ഒരു വർഷം ഉപയോഗിക്കുന്ന

ഊർജത്തിന്റ അളവ് 80 മെഗാജൂൾ ആയിരിക്കുന്നു. ഊർജം അമൂല്യമാണെന്ന് നമുക്കേവർക്കും അറിയാം. എന്നാൽ ഈ അമൂല്യമായ വസ്തു പ്രധാനമായും ഇന്ധനങ്ങളിൽ നിന്നാണ് പുറപ്പെടുന്നത്. ഇത്തരം ഇന്ധനങ്ങൾ ഇന്ന് നമ്മുടെ നാട്ടിൽ കുറഞ്ഞ് വരുകയാണ്. പ്രധാലപ്പെട്ട ഇന്ധ
മണ്ണെണ്ണ,പെട്രോൾ,ഡീസൽ,ബയോഗ്യാസ്,
കൽക്കരി എന്നിവ. ഇന്ധനത്തിന്റ ജ്വലനം മൂലമാണ് ഊർജം ലഭിക്കുന്നത്. ഇന്ധനം ഓക്സിജനുമായി പ്രവർത്തിക്കുന്നതാണ് ജ്വലനം. ഈ പ്രവർത്തനത്തിന്റ ഫലമായി ഉത്പാതിപ്പിക്കുന്ന താപം ,പ്രകാശജാലം എന്നിവയോടൊപ്പം $CO_2$ ഉം പുറത്തു വരുന്നുണ്ട്.

## പ്രധാനപ്പെട്ട ഒരു ഇന്ധനമാണ് ഫോസിൽ ഇന്ധനം.

ഫോസിൽ ഇന്ധനം:

ലക്ഷകണക്കിന് വർഷങ്ങൾക്കു മുമ്പ് മണ്ണിനടിയിൽ പെട്ടുപോയ സസ്യങ്ങളും ജീവികളും വായുവിന്റെ അസാന്നിധ്യത്തിലും ഉന്നതതാപനിലയിലും മർദ്ദത്തിലും രൂപാന്തരം പ്രാപിച്ചുണ്ടായതാണ് ഫോസിൽ ഇന്ധനങ്ങൾ. കൽക്കരി, പെട്രോളിയം,പ്രകൃതി വാതകങ്ങൾ എന്നിവ ഫോസിൽ ഇന്ധനങ്ങളാണ്. ഇവ ഉപയോഗിച്ച് തീരുന്നതിനനുസരിച്ച് ഉത്പാദിപ്പിക്കപ്പെടുന്നില്ലാത്തത് കൊണ്ട് തന്നെ ഇവയെ പുനസ്ഥാപിക്കാൻ കഴിയാത്ത ഊർജ സ്രോതസ്സുകൾ എന്നും പറയുന്നു. പെട്രോളിയത്തോടൊപ്പം ലഭിക്കുന്ന പ്രകൃതി വാതകത്തിൽ നിന്നാണ് കംപ്രസ്ഡ് നാച്വറൽ ഗ്യാസും (ENG)ലികിഫൈഡ് നാച്വറൽ ഗ്യാസും (LNG) യും നിർമ്മിക്കുന്നത്.ഇവ വാഹനങ്ങളിലും വ്യവസായ ശാലകളിലും തെർമ്മൽ പവർ സ്റ്റേഷനുകളിലും ഇന്ധനമായി ഉപയോഗിക്കുന്നു.പ്രകൃതി വാതകത്തെ ദ്രവീകരിച്ച് ദൂരഫലങ്ങളിലേക്ക് കൊണ്ടുപോവാം എന്നതാണ് LNG യുടെ പ്രധാന്യം. പൈപ്പുലൈനുകളിലൂടെ വിതരണം ചെയ്യാനും സാധ്യമാണ്. ലികിഫൈഡ് പെട്രോളിയം ഗ്യാസ് (LPG) പെട്രോളിയത്തെ അംശികസ്വേദനം ചെയ്യുമ്പോൾ കിട്ടുന്ന നിറമോ മണമോ ഇല്ലാത്ത വാതകമാണിത്.വൻനഗരങ്ങളിൽ പല വാഹനങ്ങളിലും CNG ആണ് ഇന്ധനമായി ഉപയോഗിക്കുന്നത്.ഇത് അന്തരീക്ഷ മലിനീകരണം കുറക്കുന്നു. ചിലവ് കുറക്കുന്നു ,കൂടാതെ ഊർജക്ഷമത കൂടുതലും.

## കൽക്കരി

ഫോസിൽ  ഇന്ധനങ്ങളിൽ ഏറ്റവും കൂടുതൽ കല്ക്കരിയാണുള്ളത്.കൽക്കരിയിലെ പ്രധാനഘടകം കാർബണാണ്.

## ഹൈഡ്രജനും ഇന്ധനമാക്കാം

ഉയർന്ന കലോറിക മൂല്യമുള്ള ഇന്ധനമാണ് ഹൈഡ്രജൻ. ഇത് സ്ഫോടക സ്വഭാവമുള്ളതിനാലും സംഭരിക്കാനും വിതരണം ചെയ്യാനുള്ള പ്രയാസം കൊണ്ടുമാണ് ഹൈഡ്രജനെ ഇന്ധനമാക്കി ഉപയോഗിക്കാത്തത്.ഈ പ്രശ്നം മറികടന്നാൽ ഏറ്റവും ഉത്തമമായ ഇന്ധനമാണ് ഹൈഡ്രജൻ.പക്ഷേ ഹൈഡ്രജൻ ഫ്യുവൽ സെൽ ഉപയോഗിച്ച് വൈദ്യുതി നിർമ്മിക്കാൻ കഴിയും.

## ബയോഗ്യാസ്

ഗാർഹികമാലിന്യങ്ങളെ ബയോഗ്യാസ് പ്ലാന്റിൽ  നിക്ഷേപിച്ചാൽ ഓക്സിജന്റെ അഭാവത്തിൽ ബാക്റ്റീരിയകളുടെ പ്രവർത്തന ഫലമായി ബയോഗ്യാസ് ഉണ്ടാകുന്നു. ഇതുയർന്ന കലോറിയ മൂല്യമുള്ള ഇന്ധനമാണ്.

## സോളാർ പാനൽ



അനേകം സോളാർ സെല്ലുകൾ യോജിപ്പിച്ചാണ് സോളാർ പാനൽ നിർമിച്ചിരിക്കുന്നത്. അനേകം സെല്ലുകളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി സംഭരിച്ച് വെക്കാം.തെരുവ് വിളക്കുകളിലും കൃത്രിമ ഉപഗ്രഹങ്ങളുടെ ഊർജാവശ്യങ്ങൾക്കും സോളാർ  പാനലുകൾ ഉപയോഗിക്കുന്നു.

## സോളാർ തെർമൽ പവർ പ്ലാന്റ്

കോൺകേവ് റിഫ്ളക്ടറുകൾ ഉപയോഗപ്പെടുത്തി സൂര്യരശ്മികളെ കേന്ദ്രീകരിച്ച് ജലം തിളപ്പിച്ച് നീരാവിയാക്കി ടർബൈൻ കറക്കി ജനറേറ്റർ പ്രവർത്തിപ്പിക്കുന്നു. ഹരിയാനയിലെ ഗുർഗാവോൺ എന്ന സ്ഥലത്ത് ഇത്തരത്തിലൊരു പവർ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്.

# ന്യൂക്ലിയാർ റിയാക്ടർ

ന്യൂക്ലിയാർ ഊർജത്തെ ഇന്ധനമാക്കുന്ന (വൈദ്യുതോർജം) ആക്കി മാറ്റുന്ന സംവിധാലമാണ് ന്യൂക്ലിയാർ റിയാക്ടർ. ന്യൂക്ലിയാർ റിയാക്ടറിൽ കാർബൈഡ് ഇന്ധനം ഉപയോഗിക്കാനുള്ള സാങ്കേതിക വിദ്യയും ഇന്ത്യക്ക് സ്വായത്തമായിട്ടുണ്ട്. തമിഴ് നാട്ടിലെ കൽപ്പാക്കത്തെ വൈദ്യുത നിലയം ഇത്തരം റിയാക്ടർ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്.

പ്രകൃതിക്ക് ഇണങ്ങുന്ന ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് പാരിസ്ഥിതിക്ക് മലിനീകരണം വരുത്താത്ത ധാരാളം ഗ്രീൻ എനർജി നമുക്ക് ലഭ്യമാകുന്നുണ്ട്. ഇവയെല്ലാം തന്നെ പുനസ്ഥാപിക്കാൻ കഴിയുന്ന ഊർജ്ജ സ്രോതസ്സുകളാണ്. കാറ്റ് , സൂര്യപ്രകാശം , തിരമാല, മഴ, ബയോഗ്യാസ്, എന്നിവയിൽ നിന്നെല്ലാം നമുക്ക് ഇത്തരത്തിൽ ഊർജ്ജം നിർമ്മിക്കാൻ സാധ്യമാണ്. ഇവയൊന്നും തന്നെ പരിസ്ഥിതിക്ക് ഒരു തരത്തിലും ഹാനികരമല്ല. എന്നാൽ പുനസ്ഥാപിക്കാൻ കഴിയാത്ത ഊർജ്ജ സ്രോതസ്സുകളാണ് പെട്രോളിയം , കൽക്കരി, പ്രകൃതി വാതകം , ന്യൂക്ലിയാർ ഊർജ്ജം എന്നിവ . ഇവ പരിസ്ഥിതിക്ക് ഹാനികരമാണെങ്കിലും ഇന്ന് നാം വ്യാപകമായി ആശ്രയിച്ചിരിക്കുന്നത് ഇത്തരം ഊർജ്ജ സ്രോതസ്സുകളെയാണ് . രാജ്യത്ത് ജനസംഖ്യവർധിച്ചതോടെ എതയോ മടങ്ങ് വർധനവാണ് ഊർജോപഭോഗത്തിലുണ്ടായിരിക്കുന്നത് .ഊർജത്തിന്റെ ഉപഭോഗത്തിലുള്ള ഈ വർധനവും ലഭ്യതയിലുള്ള കുറവും നമ്മെ ഊർജപ്രതിസന്ധിയിലേക്ക് നയിക്കുന്നു.നേരത്തെ പറഞ്ഞകണക്കെ എത്രയെത്ര കാര്യങ്ങൾക്കാണ് നാം വിവിധ ഊർജരൂപത്തെ പ്രയോജനപ്പെടുത്തുന്നത്.

നിത്യ ജീവിതത്തിൽ പൊടിന്നനെ ഉയരുന്ന ഈ പ്രയോഗം ഉത്പാതനത്തെ പതിമടങ്ങ ബാധിക്കുന്നു.കയ്യി-ലുള്ളതെറിഞ്ഞ് ചെലവാക്കാനറിയാത്ത നമുക്ക് പിന്നെങ്ങ-നെ ഊർജത്തെ സംരക്ഷിക്കാനാവും. പക്ഷ അത് നമ്മെ കൊണ്ടേ സാധ്യമാവൂ. ഫോസിൽ ഇന്ധനങ്ങളുടെ ഉത്പാദനത്തിൽ നമ്മുടെ കേരളം പിന്നിലാണെന്നറിയാമ-ല്ലോ. അതിനാൽ തന്നെ വാഹനം ഓടാൻ പോലും നാം മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിരിക്കുന്നു. ഈ നടപടി അതികകാലം നിലനിന്ന്

പോകേണമെന്നറിയാമല്ലോ.അ-തിനാൽ തന്നെ ഊർജസംരക്ഷമത്തിന്റ പ്രാധാന്യം വളരെ വലുതാണ്. ഊർജപ്രതിസന്ധി പരമാവധി ലഘൂകരിക്കാ-നായി നമുക്ക് ചെയ്യാവുന്നതായി നിരവധി മാർഗങ്ങളുണ്ട്. ഊർജം വളരെ യുക്തിപരമായി ഉപയോഗിക്കണം. പാഴാ-
യിപോവുന്ന ജലത്തിന്റ അളവ് പരമാവധി കുറക്കുന്നതിലൂ-ടെയും പൊതുഗതാഗത യാത്രാസൗകര്യങ്ങൾ ഉപയോഗി-ക്കുന്നതിലൂടെയും ഊർജസംരക്ഷണം സാധ്യമാക്കാം. തെരുവുവിളക്കുകൾ എൻ.ഡി.ആർ ഉപയോഗിച്ച് നിയന്ത്രി-ക്കാം. യന്ത്രങ്ങൾ യഥാസമയം അറ്റകുറ്റപണികൾ ചെയ്യുക. പുതിയ വീടുകൾ നിർമിക്കുമ്പോൾ വലുപ്പം പരിമിതപ്പെടു-ത്തണം. നിർമാണപ്രവർത്തനങ്ങൾ വളരെ ശാസ്ത്രീയ ബോധത്തോടെ നടത്താൻ കഴിവതും ശ്രമിക്കണം.

ഊർജം ആരുടേയും സ്വത്തല്ല. അത് വരും തലമുറക്കു-ക്കൂടി കരുതി വെക്കേണ്ടത് നമ്മുടെ കടമയാണ്.

Anargha.k.p    10 B

# നഷ്ട പ്രതാപത്തിന്റെ ഇന്നലകൾ

പുറത്ത് തുലാവർഷ മേഘങ്ങളുടെ ഗർജനം . ഭൂമി പിളർക്കുമാറുച്ചത്തിലുള്ള ഇടി മുഴക്കം. കണ്ണഞ്ചിപ്പിക്കുന്ന ഇടി മിന്നൽ ക്യാമറകൾ ഫ്ലാഷ് ലൈറ്റുകളെ അനുസ്മരിപ്പിക്കുന്നു. വൻ മരങ്ങൾ കടപുനകി വീഴുന്ന ശബ്ദം. പേടിച്ചരണ്ട് തന്റെ രണ്ട് പിഞ്ചു കുഞ്ഞുങ്ങളെയും മാറോട് ചേർത്തു പിടിച്ച് കിടക്കുമ്പോഴാണ് വാതിലിൽ മുട്ടു കേട്ടത്. സാബിറ എഴുന്നേറ്റ് ചെന്ന് വാതിൽ തുറന്ന് കൊടുത്തു.

എടീ കറണ്ടില്ലെ ഇവിടെ? ..... ഉം... വേഗം ചോറ് വിളമ്പ്... അയാൾ ആർത്തലച്ചു. ആടിക്കുഴഞ്ഞ് കൊണ്ട് അയാൾ അടുക്കളയിൽ ചെന്ന് വീണു. അവൾ ഓർത്തു‌– ഇന്നും അയാൾ കുടിച്ചിട്ട് തന്നെയാകാം കയറി വന്നത്. വീണ്ടും അയാളുടെ അലമുറയിട്ടു. അവൾ ചോറ് വിളമ്പി. എന്തൊക്കെയോ പിറു പിറുത്തു കൊണ്ട് അയാൾ ചോറ് തിന്ന് അവിടെ നിന്ന് എഴുന്നേറ്റു പോയി.

സാബിറ ഇരുട്ടത്ത് തപ്പിത്തടഞ്ഞ് വാതിലടച്ചു. അണയാൻ വെമ്പുന്ന മെഴുകുതിരി നാളം തന്റെ കുഞ്ഞുങ്ങളുടെ അടുത്തേക്ക് വഴി കാണിച്ചു കൊടുത്തു.

അവർ ഉറങ്ങുകയാണ്. നാളെയുടെ കുരുന്ന് കുഞ്ഞുങ്ങൾ. ദാരിദ്യത്തിന്റെ ആഴത്തിൽ മുങ്ങിയിരിക്കുകയാണവർ. കഴിഞ്ഞ് പോയ കാലത്തിന്റെ നഷ്ട പ്രതാപമെന്നോണം. ഒരു പിടി ചാരം മാത്രം ഇന്നവളുടെ മനസ്സിലുണ്ട്. ആ കുഞ്ഞുങ്ങൾക്കറിയില്ല. തങ്ങളുടെ പിതാവ് ഒരു മദ്യപാനിയാണ്.

സാബിറ കിടക്കുകയാണ്. നിദ്ര അവളോട് പിണങ്ങിയിരിക്കുന്നു. തന്റെ അടുത്ത് നാളയുടെ സന്താനമായ തന്റെ രണ്ട് കുഞ്ഞുങ്ങളെ നോക്കി സാബിറ നെടുവീർപ്പിട്ടു.ഒട്ടിയ വയറുമായി കിടക്കുന്നത് കണ്ടപ്പോൾ സങ്കടം അടക്കാനായില്ല കണ്ണുനീർ ഇറ്റിവീണു. ഉണങ്ങിയ തലയണകൾ ദാഹം തീർക്കാൻ ആർത്തി കാണിച്ചു.

പെട്ടന്ന് സാജിത ഉണർന്നു.അവൾ കരയുകയാണ്
ഒന്നിനുമല്ല കാരണം ഒരു പിടി ഭക്ഷണത്തിന് വേണ്ടി മാത്രമായിരുന്നു.താലോലം പാടി.ഉറങ്ങുന്ന മട്ടില്ല. കുറച്ച് കഴിഞ്ഞ് കുഞ്ഞിന് ഒന്നും ലഭിക്കില്ലെന്ന് മനസ്സിലായതോടെ അന്ന് നിദ്രയിലേക്ക് ഊളിയിട്ടു.

ഒരു കൂട്ടം കടുന്നൽ കുത്തി നോവിക്കും പോലെ ചിന്തകൾ അവളെ അലട്ടി. അപ്പുറത്തുള്ള തന്റെ കുഞ്ഞുങ്ങളുടെ പിതാവിന്റെ കൂർക്കം വലിയും പട്ടച്ചാരായത്തിന്റെ മണവും അന്തരീക്ഷത്തിൽ മതിപ്പുണ്ടാക്കി. കാടുകയറിയ ചിന്തകൾ. ആരുടേയും അനുമതിയില്ലാതെ അത് പറക്കാൻ തുടങ്ങി.

അന്ന്, തന്റെ ഉപ്പയുള്ള കാലത്ത് എന്തൊരു സംവൃതിയായിരുന്നു. മുദം നിറയെ വേലക്കാർ. തൊഴുത്ത് നിറയെ പശുക്കൾ . അണി നിറയെ പശുവിൻ നെയ്യ്. ആ ജീവിതം തിരിച്ച് കിട്ടുമായിരുന്നെങ്കിൽ ! ദാരിദ്രം എന്തെന്നും അറിയാത്ത കുട്ടികൾ. ഇന്നതെല്ലാം നഷ്ട്ടപ്പെട്ട ഏതോ കാലത്ത് എത്തിയ പോലെ. പെട്ടെന്നൊരു കൊള്ളിയാൻ മിന്നി. ആ വെളിച്ചത്തിൽ റൂമിലുള്ള പല്ലിയെ പോലും നേരിൽ കണ്ടു. ഇന്നെല്ലാം നഷ്ട്ടപ്പെട്ടു. അവൾ തേങ്ങി. കണ്ണീർ ബാഷ്പ്പം കൺ തടങ്ങളിലൂടെ ഒലിച്ചിറങ്ങി. ആ കാഴ്ച്ച കാണാനാവാത്ത വിധം കുരുന്ന് നക്ഷത്രങ്ങൾ കരിമേഖ പാളികളിൽ ഒളിച്ചു.

അന്ന് സാബിറയുടെ ഉമ്മയില്ലായിരുന്നു. എങ്കിലും അവൾ ആ വേദന അറിഞ്ഞിട്ടില്ല. ഉമ്മയെ കണ്ട ഓർമ ഹൃദയ ഭിത്തികളിൽ എവിടെയോ പറ്റിപ്പിടിച്ചിരിക്കുന്നു.

ബാപ്പ വിടഞ്ഞതോടെ അതൊരു മറ്റൊരു വഴിക്ക് മാറി. ഓരോ സ്ഥലമായി അദ്ദേഹം വാങ്ങി. അങ്ങനെ ഇവിടെ എത്തി. ഒരു പിടി ചാര ഓർമ്മകളുമായി.


കര കാണാതെ ആടിയുലയുന്ന കൊച്ചു വള്ളം പോലെ ഇളകി മറിയുകയാണ് മനസ്സ്. കടിഞ്ഞാണിടാൻ ഒരു യോജിച്ച സ്ഥലവും കാണുന്നില്ല. പുറത്തെ വാതിലിൽ നിന്ന് വീണ്ടും ഒരു ശബ്ദം കേട്ടു. അവൾ പേടിച്ചുപോയി. ആരാണെന്നറിയാൻ വെമ്പുകയാണ് അവളുടെ മനസ്സ്. ഏതായാലും അവൾ എഴുന്നേറ്റു-പ്പോയി. ആരെയും കാണാനില്ല വെറുതെ തോന്നിയതാകാം. എന്ന് കരുതി വൂണ്ടും അവൾ പോയി. തന്റെ കുഞ്ഞുങ്ങളുടെ അടുത്തേക്ക്. എങ്ങും ശ്മശാന മൂകത. രാത്രിയുടെ നിശബ്ദ യാമങ്ങളിൽ എവിടെ നിന്നോ ഒരു രാപ്പാടി പാടുന്നു. അതിൽ അവളും അലിഞ്ഞില്ലാതെയായി.

ആകാശത്ത് വെള്ള കേറി.അവൾ എഴുന്നേറ്റു. വാടിക്കരിഞ്ഞ പൂപോലെ. അവൾ മുറ്റത്തിറങ്ങി.എങ്ങും നിശബ്ദത. നേരെ നടന്നത് കിളിച്ചുണ്ടൻ മാവിന്റെ അരികിലേ-ക്കാണ്. അതിന്റെ ചുവട്ടിൽ നിന്നപ്പോൾ വല്ലാത്തൊരു അനുഭൂതി. കാരണം ഇന്നലകളുടെ ശ്മശാന ഭൂമികളിൽ ബാക്കിയുള്ളത് അത് മാത്രമാണ്. മഴ ശമിച്ചിരുന്നുവെങ്കിലും കാറ്റിൽ അതിന്റെ ചില്ലകൾ അവളുടെ ദേഹത്തേക്ക് ചളിതെറിപ്പിച്ചു കൊണ്ടിരുന്നു. പ്രഭാത-ത്തിന്റെ ശീതളമേറ്റ് അവളിരുന്നു. കൂട്ടിനായി നഷ്ടപ്പെട്ട ഇന്നലക-ളുടെ ഒരു പിടി ചാരം മാത്രം ബാക്കിയുണ്ട്.

Harsha P 9A

# LIFE TIME

The life is important to us.
We have one life and one life time. If we don’t use sometime to think about it,
we will continue living the same life we have led . Most of the people think that
the life is tough , but we have to close our eyes , hold our breath and ask ourself what is the true meaning of our life.




Most of us think that we have the best life, but if we all ask ourself , it is incorrect . We must realize the fact that our life is not filled with success. If we don’t take control over our life , we will end up as zero . We want a happy future and life.
All of as have a role to play game, but most of us don’t play it properly.


YOUR LIFE YOUR TIME

MOVE FORWARD

NIHALA YASMIN 9 A

# LOVE

I LOVE MY INDIA
I LOVE MY PARENTS AND TEACHERS
I LOVE MY FRIENDS
I LOVE MY BROTHERS AND SISTERS
I LOVE MY HOUSE
I LOVE ALL
LOVE CAN MAKE GOOD RELATIONS AMONG PEOPLE
LOVE IS GREAT, LOVE IS GREAT
LOVE GIVES PEACE TO HUMAN BEING
LOVE CAN MAKE A GOOD FAMILY



HISANA THASNI T 9 A

# മണ്ണോടുചേർന്നു

**ഒരിക്കൽ മണ്ണിനാൽ ജനിച്ച ഞാൻ**


അതേ മണ്ണിൽ
മണ്ണോടു ചേർന്നു ഞാൻ
അന്ന് മണ്ണ് എന്നോട് ചോദിച്ചു
ഇത്രയും നാൾ നീ എന്നെ തിന്നില്ലേ
ഇനി ഞാൻ നിന്നെ തിന്നോട്ടെ
വേണ്ട എന്ന് പറയാൻ തോന്നുന്നു
വേണ്ട എന്ന് പറയാൻ കൊതിക്കുന്നു
വേണ്ടൊന്നു പറയാൻ
ചുണ്ടിനു ധൈര്യം വന്നില്ല



MUHAMMED MIDLAJ 9 F

# MOTHER

You are my life
You are my power
You are my strength
You filled my nights with
Fairy tales and sweet dream nights
A kiss to wipe my tears
You gave the gift of life to me
I thank you for your care
With a great hug
I hope that when you think of me ,
Apart of you



Buhaisa 9C

# പുനർജനി



പൊക്കിൾക്കൊടിക്കടിസ്ഥാന പാരിതോഷികം
അർപ്പിച്ചൊരെന്നിലെ നിഷ്ഠൂരഭാവം
അറിയില്ല ഞാനിന്നുണ്ടോ....?
സമാപ്തിയിൽ കാലം അടിവരയിട്ടോ
ചെങ്കടലിലെ മത്സ്യം തള്ളിയ
ഫിർഔൻ യുഗമേ മാഞ്ഞു
ഇന്നിൻ പിരമിഡ് തീർത്തനേകം
സൂക്ഷ്മ ധൂളികളാൽ
കാലമേ നീയോ ആത്മീയം
നിൻ താപ ശാശ്വതം ഞാനായ് കേവലം
അതോ സർവ്വോത്തമ
സൃഷ്ടിതൻ എണ്ണമറ്റ താളുകളോ
നാമം കീഴടക്കിയെൻ പ്രാണസുഖ
മൂവന്തിക്കടലിൽ മുങ്ങിയതും
നവോത്ഥാനം...
പൂന്തകരും  പൂമ്പാറ്റതൻ പാദവും
സൗപർണികം
അനന്തം ജനിപ്പ
പുതിയൊരേടിൻ പാശ്ചാത്യ മേൽക്കോയ്മ
മൂല്യം നിർവചിക്കാൻ സൗകുമാര്യത്തിൻ
ലലിഞ്ഞു പൊഴിഞ്ഞൊരാ ...രൻ മന്ദഹാസങ്ങൾക്ക്
വീണ്ടെടുപ്പിൻ വിലപടമന്ത്രങ്ങൾ,
എന്നോളം, മർത്ത്യന്നവകാശമായ് പിറന്നൊരുദ്യാനം
ജഗത്തിനടമ കീഴ്മേൽ മറിച്ചൊരീ പരിജ്ഞാനം
ഒരത്താണി വടവൃഷമായ് ഞാൻ പൊഴിയുമീ
ജനതയ്ക്കഭിഷേകമേകാൻ
സഞ്ചയനം തൊടുത്ത നിയതികൾ
ക്കൽപ്പായുസ്സായ് നവസംസ്കൃതിതൻ ...ായ്
ചിലങ്കകൾ നിർണയിച്ച ചിത്രയോഗങ്ങളും
മാനം മായ്ച്ച ക്രുദ്ധരാത്രങ്ങളും
എന്തിനെൻ നയനത്തിൽ ,പുനർജനിക്കാൻ
ബാക്കിവെച്ച മാംസതുണ്ടുകൾക്കും
ഉറക്കമില്ലാ രാത്രികൾക്കും

ജി.എച്ച്.എസ്.എസ് കാവനൂർ

# സാത്താൻ

വികൃതമാം വാചാല മുഖം വേദം ഖണ്ഡിക്കും,
കനൽ കണ്ണാടിയിൽ കാണാൻ
ഗ്രഹിച്ച ഞാനന്യോന്യം സദാ
നിൻ നീലച്ചില്ലെൻ നെഞ്ചിലേറെ -
നോവിച്ചെന്നകക്കണ്ണിന്റെ ഇരു ധ്രുവങ്ങളിൽ
അന്ധനെന്ന അന്ധവിശ്വാസങ്ങൾക്കിടയിലും
കാലത്തിനന്തകനായ് ഞാൻ കുലപതി
സർവ്വ കാംക്ഷിയാം നീരുറവ പോലും
എൻ പ്രതിഫലനത്തിൽ സരോദിൻ ഖണ്ഡങ്ങളിൽ
തുളച്ചുകയറുമോളങ്ങൾ തീർത്തു.
സമയമാം കുപ്പിച്ചില്ല് ഉടച്ചു കളഞ്ഞതെൻ
മിഥ്യാ പ്രതിരൂപത്തെ , മൂവന്തി മേഘത്തിൻ
ഇന്നിടനാഴിക ഞാൻ ചുംബിച്ചതെവിടെ
എന്നനന്ത വിദൂരമാം ഹ്രസ്വപ്രയാണത്തെ
തിരശ്ശീലയിട്ടൊതുക്കിയതാര്.....?
എൻ ക്രയവിക്രിയങ്ങളിൽ
അപ്രതീക്ഷിത മാലിന്യസംസ്കാര
വികേന്ദ്രീകരണത്തിൻ ഹേതുവെന്ത്?
ഞാനെന്നാവേഗ പാളികളിൽ
കോറിയ സുഗന്ധവ്യഞ്ജനങ്ങൾ
സൃഷ്ടിച്ചത്, അതുല്യ സൂര്യകാമിനി
കയം മറക്കും കണ്ടൽക്കാടുകൾ
സാർവത്രിക സന്തുലനങ്ങളിലെ-
ന്നിച്ഛാവാഹിയാം പ്രഭാതമേ കേവലം;
നീ മാത്രം നിർണായക ഹേതു
നാളെ ഞാനുണ്ടോ..? സ്വത സിദ്ധങ്ങൾക്ക്.
ഇന്നിന്റെ ബാക്കി പത്രം സൂക്ഷിച്ച്
ദുരന്ത നിവാരണത്തിന്
ചെങ്കോലും കിരീടവും ജീവൻ വെച്ചോ-
ടിയെത്തിയ കാശ്മീർ താഴ്വരയിൽ
ഞാൻ കാത്തതും തീർത്തതും
ഒരേ കിനാവ്, ഒരേ കാപട്യം
കേവലം ഞാനൊരു സാത്താൻ....!

ഹസ്ലാ ഷെറിൻ.സി 9 A

# തനിച്ച്

ഓർമ്മയുടെ തീരത്ത്
കിനാവില് ലതകള്
തളിർക്കുന്ന പൂക്കുന്ന
നോക്കി നില് ക്കെ കൊഴിയുന്ന
രാത്രിയുടെ ഇരുട്ടില്
നിലാവു തേടുന്ന
വെയിലിന്റെ ചൂടില്
ഓർമ്മള് ചാരമാകുന്ന
ആരെയും കാത്തു നില്ക്കാതെ
ആരുടെ കൂടെയും ശമിക്കാതെ
ഞാൻ തനിച്ചിരുന്നു
ഓർമ്മയുടെ തീരം നോക്കി



Muhammed Midlaj-Irumban 9F

# വിദ്യാലയം

ഞാൻ ചെന്നു കയറി
ആ അക്ഷരമുറ്റത്ത്
ഒന്നുമറിയാതെ
നാല് ചുമരുകൾക്കിടയിൽ
അക്ഷരമാല ഓരോന്നായി എൻ-
മനസ്സിൽ ചാർത്തി
അറിവ് പകർന്ന എൻ വിദ്യാലയം




ആ നാലു
ചുമരുകളക്കിടയിൽ

ഒറ്റയാവാതിരിക്കാൻ
മിത്രങ്ങളേഴും
വട്ടപ്പൂജ്യം
ആവാതിരിക്കാൻ അറിവും
പകർന്നു നൽകിയ വിദ്യാലയം
ഒരു വട്ടം കൂടി.....
ഒരു വട്ടം..............

FIDHA 9 C

# ഇന്റർനെറ്റ് സ്വാധീനം കുട്ടികളിൽ- സാധ്യതകളും ദോഷങ്ങളും

ആധുനിക കാലത്ത് ഇന്റർനെറ്റിൽ അടിമപ്പെട്ടിരിക്കുകയാണ് കുട്ടികൾ. ഇതു കൊണ്ടുണ്ടാകുന്ന ദോഷങ്ങൾ അവർ തിരിച്ചറിയാതെ പോകുന്നു. ഇന്റർനെറ്റിൽ കൂടുതലായി അടിമപ്പെട്ടിരിക്കുന്നത് യുവതീ-യുവാക്കളാണ്. ഇതിൽ നിന്ന് നമ്മുക്ക് മനസിലാക്കാൻ സാധിക്കും.



ഇന്റർനെറ്റിന്റെ ഉപയോഗം ആധുനിക കുട്ടികളിൽ പല മാരകമായ രോഗങ്ങളും ഉണ്ടാക്കുന്നു. ക്യാൻസർ തന്നെയാണ് ഒന്നാമത്തെ രോഗം.

എല്ലാ രക്ഷിതാക്കൾക്കും ഇതറിയാം. ഇത് അറിയാത്തവരായിട്ട് ആരുമില്ല. എന്നാലും രക്ഷിതാക്കൾ തന്നെ കുട്ടികൾക്ക് തങ്ങളുടെ മൊബൈൽ ഫോൺ കൊടുക്കുന്നു.രക്ഷിതാക്കൾക്ക് കുട്ടികൾ ബഹളമില്ലാതെ ഒരു സ്ഥലത്ത് ഒഴിഞ്ഞ് കൂടുമ്പോൾ ഒരു ആശ്വാസമാണ്.

എന്നാൽ ഏതൊരു അമ്മയും അച്ഛനും മനസിലാക്കുന്നില്ല.തങ്ങളുടെ മകൻ അല്ലെങ്കിൽ മകൾ അപകടങ്ങളിലേക്കാണ് പോകുന്നതെന്ന് .

## ഇന്റർനെറ്റിന്റെ ആവശ്യകത എന്ത്?

ഇന്റർനെറ്റ് ഏറ്റവും നല്ല ഒരു സാങ്കേതികവിദ്യതന്നെയാണ്.പക്ഷെ അത് ഫലപ്രദമായി ഉപയോഗിക്കുകയാണെങ്കിൽ മാത്രം. ഇന്റർനെറ്റിലൂ-ടെ നത്ത അറിവ് ലഭിക്കുന്നുണ്ട്.എന്നാൽ ഇതൊന്നും ആർക്കും വേണ്ട. ആധുനിക ഇന്റർനെറ്റിൽ കുറേ ആപ്പുകൾ ഉണ്ട. Google,you tube,chro-me...ഇങ്ങനെ പലതും.ഇന്റർനെറ്റിലെ എല്ലാ ആപ്പുകൾ കൊണ്ടും പ്രയോജനമുണ്ട്.അതൊന്നും ആരും കാണുന്നില്ല എന്നതാണ് യാഥാർത്യം.

ഇന്റർനെറ്റ് ഉപയോഗത്തിലൂടെയുണ്ടാകുന്ന ദോഷങ്ങളും മാരക രോഗങ്ങളും

ഇന്റർനെറ്റ് എന്നത് ഒരു ലോകമാണ്. എല്ലാ തരത്തിലുള്ള ആളുകളും സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നവരാണ്. എന്നാൽ ഇതിൽ ഭൂരിഭാഗം ആളുകളും ഇന്റർനെറ്റ് തിന്മയ്ക്ക് വേണ്ടി അല്ലെങ്കിൽ വെറും സാഹിത്യത്തിന് വേണ്ടി ഉപയോഗിക്കുന്നവരാണ് ഇന്റർനെറ്റിലുള്ള പല അശ്ലീല ഫോട്ടോകളും വിഡിയോകളുമാണ് കുട്ടികൾവരെ കാണുന്നത്. അതുകൊണ്ട് തന്നെ വരാൻ പോകുന്ന ഒരു നല്ല തലമുറയുമാവില്ല.കുട്ടികൾ ചെയ്യുന്ന ഈ തെറ്റിലൂടെ വരാൻ പോകുന്ന ഒരു തലമുറയാണ് നഷ്ടമാവുന്നത്.ഒരു നല്ല തലമുറയെ ലഭിക്കണമെങ്കിൽ ഇപ്പോഴുള്ള കുട്ടികൾ നന്നാവണം.കുട്ടികൾ നന്നാവണമെങ്കിൽ അവരുടെ രക്ഷിതാക്കൾ തങ്ങളുടെ മക്കൾക്ക് നല്ലത് പറഞ്ഞ്കൊടുത്ത് ഇന്റർനെറ്റിൽനിന്നും സ്മാർട്ട്ഫോണിൽനിന്നും അവരെ പൂർണ്ണമായും അകറ്റി നിർത്തണം.രക്ഷിതാക്കൾ ഓർക്കണം ഓരോ കുട്ടികളും നശിക്കുന്നതിലൂടെ വരാൻ പോകുന്ന ഒരു തലമുറകൂടിയാണ് നശിക്കുന്നത്
എന്ന്.നല്ല തലമുറയെ വാർത്തെടുക്കണമെങ്കിൽ കുട്ടികളിൽ നല്ല കാര്യങ്ങൾ പറഞ്ഞ് പഠിപ്പിച്ച് കൊടുക്കണം. ഒരു നല്ല ജോലി വാങ്ങുന്നതിലും ഉപരി മക്കളുടെ മനസ്സ് സൗഹൃദവും പരസ്പരം സ്നേഹവും വാർത്തെടുക്കണം. അതിന് ഇന്റർനെറ്റ് ലോകത്തിൽ നിന്നും അവരെ അകലെയാക്കണം. സ്മാർട്ട്ഫോണിനും ഇന്റർനെറ്റിനും അടിമപ്പെട്ട ഒരു ജനതയ്ക്ക് മാനസ്സികമായും ശാരീരികമായും പ്രശ്നങ്ങൾ ഉണ്ടാവുന്നു. ഇങ്ങനെയുള്ളവർക്ക് സ്വന്തം കാര്യം പോലും ശരിക്ക് ചെയ്യാൻ കഴിയില്ല. പിന്നെ എങ്ങനെയാണവർ ഇനി വരുന്ന തലമുറയെ നന്നാക്കുക.
ഇന്റർനെറ്റിൽ അല്ലെങ്കിൽ സ്മാർട്ട് ഫോണിന്റെ അമിത ഉപയോഗം മൂലം പല മാരക രോഗങ്ങളും ഉണ്ടാവുന്നു. ഒരു ചെറിയ സമയത്തിന് കുട്ടികൾ അടങ്ങി നിൽക്കാൻ വേണ്ടി ഫോൺ കൊടുക്കുന്ന രക്ഷിതാക്കൾ മറക്കരുത്.ഇതു മൂലം നഷ്ടമാകുന്നത് സ്വന്തം കുട്ടികളെയാണ്. സ്മാർട്ട് ഫോണിന്റെ അമിത ഉപയോഗം ക്യാൻസറിന് കാരണമാണ്.ഇതിന്റെ മുഖ്യ ലക്ഷണം തലവേദനയാണ്. മസ്തിഷ്കത്തിന് ക്യാൻസർ വരുന്ന ഈ രോഗം മാറ്റാൻ വലിയ തുക മുടക്കേണ്ടി വരും. ചെറുപ്പത്തിൽ തന്നെ കുട്ടികൾ ക്യാൻസർ ബാധിതരാകുന്നു.

ഇന്റർനെറ്റാണ് ഏത് ഒരു കുട്ടിയേയും വഴി തെറ്റിക്കുന്നു.ആദ്യക്കാലത്ത് ആളുകൾ മയക്കുമരുന്നിന് അടിമ പ്പെട്ടത്പ്പോലെ തന്നെയാണ് ഇന്ന് കിട്ടികൾ മൊബൈൽ ഫോണിന് അടിമയാകുന്നത്. ചെറുപ്പത്തിൽ തന്നെ മൊബൈൽ ഫോണിന്

അടിമപ്പെട്ട കുട്ടികൾ അവർക്ക് സ്വന്തം കാര്യംപ്പോലും സ്വയം ചെയ്യാൻ കഴിയില്ല. ഫോൺ കൈയിൽ നിന്നും വാങ്ങിയാൽ ദേഷ്യം,വാശി ഇതെല്ലാം അവരിൽ പ്രകടമാവുന്നു.

അശ്ലീല ഫോട്ടോകളും വീഡിയോകളും കാണുന്നവരാണ് ചിലർ.ഇതാണ് ഇക്കാലത്ത് ലോകത്ത് പീഡനങ്ങളും കൊലകേസുകളും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും വർധിക്കാനുള്ള കാരണം.

നല്ലൊരു നാളെക്കായ്

രക്ഷിതാക്കൾക്ക് സാധിക്കാവുന്ന കാര്യം മാത്രമേയുള്ളൂ. കുട്ടികളെ സ്മാർട്ട്ഫോണിൽ നിന്നും അകറ്റി നിർത്തുക എന്നുള്ളത്. ഇങ്ങനെ ഓരോ രക്ഷിതാവും ശ്രമിച്ചാൽ നമ്മുക്ക് നല്ലൊരു തലമുറയെ വാർത്തെടുക്കാം. ഒരു 15 വയസ്സ് വരെ ശരിക്കും കുട്ടികൾക്ക് ഫോൺ ഉപയോഗിക്കാൻ പോലും കൊടിക്കരുത്. ഫോൺ സ്പർശിക്കാൻ പോലും കൊടുക്കരുത് എന്ന് തന്നെ പറയാം. കാരണം അത്രക്കും ദോഷമാണ് സ്മാർട്ട് ഫോൺ കൊണ്ട് ഉണ്ടാകുന്നത്.ഇതുകൊണ്ട് തന്നെ എല്ലാവരും സ്വന്തം മക്കളെ ഫോണിൽ നിന്നും അകറ്റി നിർത്തണം.

YOUR WAY YOUR LIFE YOUR THOUGHTS
YOU CAN BOTHER

Muhammed Shameel .TK 9A

# മാറാലപ്പൂവ്

കെട്ടിയാടിയ ചാക്യാർകൂത്തിൽ

സർവോപരി സൃഷ്ടി  കൂത്തുകളിൽ
മൊട്ടിട്ടുവിരിഞ്ഞൊരെൻ മാറാലപ്പൂവ്
വിസ്മൃതിയിൽ ഞാൻ ശീതളപാനീയം

പകർന്നു കൊടുത്തയീ മായ-
പ്പൂവിൻ മൂർദ്ധാവിൽ
എൻ മാനസ വീണതൻ മൂലയിലൊതുങ്ങിയ
നിൻ സ്വരഗാന്ധർവം
ഖണ്ഡകാവ്യ വിസ്മരണത്തിനുള്ളിലെ
പരമമായ അക്ഷരത്തെറ്റുകളും

മുല്ലനേഴിതൻ മുല്ലമൊട്ടി-
ന്നഗാധമാം ഗന്ധങ്ങളും മറന്നു
ഞാനീ പൂവിന്നഗോള വിചിന്തനത്തിൽ്യ

വേദവ്യാന്റയമൂല്യ-
വേദ ദൃഷ്ടാന്ത സംഭാവനകൾക്കും

കാന്താരി മധുരം നിൻ നാവിന്നുൾ-
കോണിൽ കെട്ടി മൊറാല
കൊന്നയേകിയൊരൈക്യത്തിൻ

മാറാല...!
സ്വപ്നം കാണവെ സംയോജിപ്പൂ ഞാൻ
ശേഷക്കാലം നീയാണന്‍ കണിക്ക



എൻ സൗഖ്യ പരിമിത്-
തന്നമൂല്യക്കാരൻ നീ
കാണക്കണ്ണിലുത്സവത്തിലുടനീളം
കാണും ഞാൻ തൃശ്ശിവപേരൂർ
നിൻ വിഖ്യാതമാം സൃഷ്ടിപ്പിന്

ലോകകാഴ്ച്ച സാധ്യം,
യാത്ര ചെയവൂ ഞാനെന്നും

എനിക്കസാധ്യം നിന്നോളം.

കേവലം നീ അലങ്കരിപ്പൂ ഭൂഗോള-
ഉത്തരദക്ഷിണ ധ്രുവങ്ങളെ

SANDRA P  9A

# ജനനി

ഈരേഴ്ലോകത്തെ പ്രൗഢിയേറും
ചൈതനന്യവിഹാരിയാം കീർത്തനമേ

വാത്മീകി വണങ്ങിയ,കാലം
ദൈവശേഷം അടിവരയിട്ടരുളിയ നിശീഥിനി
പടിഞ്ഞാറിന്നഭിഷേകം തീർത്ത

ശീഘ്രസത്യം സമുദ്രമേവ,
വിഷ്വം വിഖ്യാതമാം പ്രകൃതിതൻ
കാമികിയായുപമിച്ച
എന്നോളം തൈധൈവ സ്നേഹത്തെ
പെറ്റുപോറ്റിയ പ്രീണനമറ്റ പിരിശം
നിൻ പാദമാം സ്വർഗത്തിൽ
പാദപൂജ ചെയ് വാൻ
മനസാ വേദമറ്റനശ്വരൻ പോലും കൊതിപ്പൂ
പാപം തറച്ചെൻ ശ്രുചിമർമത്തിൽ
കാലം വിലയിരുത്തപ്പെട്ട ആറാം ഇന്ദ്രിയത്തിൽ
നീ പകർന്നതുരുളയല്ല
വെണ്ണ കട്ടുതിന്നൊരുണ്ണിക്കനന്യമായർപ്പി
ച്ചൊരാ മധുനൈവേദ്യം
അന്യോന്യം കീഴ്മേൽ മറിഞ്ഞ
നന്മതൻ നേർത്ത നിനവുകൾ പോലും

കുട്ടിയിരസി തീജ്വാല വമിക്ക-
മനന്തപൂരിതമാം പാരിൽ
അനിർമാല്യമാം നൗകയെങ്കിലും
സാത്താന്റെയങ്കണത്തിൽ സർപ്പതുല്യമാം
കുരിശായ് കീഴടക്കുംപോൾ



സടകുടഞ്ഞ് കൊട്ടുംകാട്ടിലും,കാറ്റിലും

രക്ഷാപീഠമായെത്തി,

നിമ്നോന്നതമാം ലൗകിക താഴ്വരയിൽ
മനസ്സിനെ, വിഹായസ്സിനെ
സാത്വികമാം യശസ്സിനെ
കാത്ത് കൂട്ടിരുന്നൊരമ്പർത്ഥമേ
സകല ഗാംഭീര്യയെങ്കിലു-
മെന്നഭിവൃദ്ധിക്കുത്തമ കുന്തീദേവി നീ
വിദ്വേഷ നിഷേധിയാം തന്ത
നീ കൂടായ്ക
സ്ഫടിക തുല്യമാം പാനപാത്രം
ഉടഞ്ഞു തുളക്കുതീ-
നിനക്കന്തമാനമാം സപ്ത ലോകീശ്വരിയോടുടലിൽ
എന്നവിഭാജ്യ കണ്ണെത്തലുകൾക്കും
നിർണായക സാക്ഷ്യപ്പെടത്തലിനും
പകരക്കാരില്ലാത്ത പാത്രം നീ,
ദിവ്യകരം നീയോ പ്രസാദമധുരം വേറെ
കാണപ്പെട്ട സത്യമേ നീ,
സാർവത്രികമാം വാഴ്വേ മായം.....!

ഹിസാന തസ്നി.ടി 9A

# നീലക്കിളി

വെളിവില്ലാ താളലയമേളങ്ങളിൽ
ആകസ്മികം പെയ്ത് വിരുന്ന വന്നവളെ
ക്ഷണിക്കാത്തതഥി നീ
വിസ്ഫോടന ശേഷിയുള്ള വിത്ത്
സൽ ഉണ്ണോന്മുഖ താഴ്വരകൾ കീറി മുറിച്ച
നിന്നഭ്രപാളികൾ
ചുവപ്പിൻ വീര്യത്തിലലിഞ്ഞറിയാതെ ഞാൻ
മറന്ന സ്വമേദയാ നിന്നാപത്ത്
കൊടി കെട്ടി ചോര തിളച്ചെൻ യൗവനം
യവനിക യാന്ത്രികത മീട്ടിയെൻ രാത്രികൾ
കാലാന്ധമേ നിന്നടയാളം വിജൃംഭിച്ച
വിഷവീര്യമേറും നിൻ സാങ്കൽപ്പിക ഉലാത്തലുകൾ
മരണം വിതറിയീയാവാസ വ്യവസ്ഥയിൽ
ആരോ നിർദയം കൊന്ന നിന്നെ
നിന്നെ പിഴപ്പിച്ചതങ്ങേയറ്റം മനുജന്റെ-
ക്രയവിക്രീഡിതങ്ങളും , ആത്മാക്കൾ നൊന്തു
ഇന്നിൻ നിലപാനീയങ്ങളും കളങ്കമാം
താഴിട്ട പാനപാത്രം
എൻ ബൃഹദ് വാനിൽ നീലമയം
കടലും ജലാശയങ്ങളും നീലമയം
എന്നൾക്കോണിൽ മയക്കം
കെടുത്തുന്ന നിത്യവും
വീര്യം തിരിച്ചറിയാനൊക്കാത്തൊരെൻ
ശിശുമനവും മനോവിഭ്രാന്തിയും
മാനം പൊഴിഞ്ഞാലെന്നുള്ളിൽ മാറാല
കടൽ തിരയടിച്ചാലെൻ കണ്ണിൽ മാറാല
ഹേതുവില്ലാത്തെൻ ഉറക്കമിളക്കലുകൾ
എങ്കിലും ഞാൻ ശ്വസിക്കുന്നീപാരിൻ മയത്തിലും
വിഷദാഹിയായുഗ്ര സർപ്പങ്ങളുണ്ട്.
ഒരു മാത്ര ചീറ്റിയാൽ , ദംശനം ചെയ്താൽ
ലോകം കീഴ്മേൽ മറിയും
എങ്കിലും ജനതക്കാനന്തം ദിനോസറിൻ
ഫോസിലീ ഭൂമിക്കിടയിലല്ലോ...!



RUSTHU RAHBAR-PK 9A

# ഭൂമി

സർവ്വ ചരാചരങ്ങൾക്കും മാതാവും ധരണി
നിന്നുടെ തണുപ്പിൽ മരവുന്ന ഞാൻ

ധരിത്രീ നിൻ മാറിടമല്ലോ ഞങ്ങൾക്കേവർക്കും
അഭയമിന്ന്


സർവ്വം സഹായം ഹേ... ഭൂമി ദേവീ.........
നീ മാപ്പാക്കുകയില്ലേ ഞങ്ങൾ തൻ പാപങ്ങളെ

SHIKHA



sikha

# മഞ്ഞപ്പൂ




ശിശിരകാലം പൊഴിച്ചിട്ടെൻ ശാശ്വതങ്ങൾക്ക്,
സ്വപ്നം വരച്ചിട്ട സർവസ്ഥ താൽപര്യങ്ങൾക്ക്
കാലചക്രവാളത്തിൽ നങ്കൂരമിട്ട അമരക്കാരൻ
ചിറപൊട്ടിച്ചെത്തിയെൻ മിശ്ര ഈർഷകൾക്ക്
ഇച്ഛയൂറും നെഞ്ചകംകൊണ്ട്-
ഇടിമിന്നെലിട്ടെൻ മനോപരിഷ്കർത്താവ്
ആകുലതകളിൽ നിത്യസമാശ്വാസമായി,
വാതിൽ തുറന്നെത്തിയെൻ ദുർമനോവ്യാപാര -
നിർവ്വീര്യ ഹേതുവായ് നീ
നൊന്തുവെന്തെൻ ഊഷ്മളതയില്ലാ നിയതികൾക്ക്
നിലക്കാത്തെൻ ചതുർത്ഥി ചിത്രങ്ങൾക്ക്
ശ്മശാനം തുറന്നിട്ടതും നീ
ചിരിക്കാ ചുണ്ടിനും ചുവയില്ലാ ചാപടൃങ്ങൾക്കും
നൂതന നൈവേദ്യമേകിയ ,
കാണാ കാഴ്ചകൾക്കും കൺമറഞ്ഞ കിനാക്കൾക്കും
നയന ചാരുതി നിർണ്ണയിച്ച്,
ചാമരം വീശി പുതുക്കിപ്പണിഞ്ഞ
എൻ ഹൃത്തിൽ വിരിഞ്ഞ മഞ്ഞപ്പൂ നീ

SACHU RADHAKRISHNAN 9C

# മഴ

വഴി തെറ്റി വന്നൊരു വാക്കല്ല മഴ
ക്ഷണിക്കാതെയെത്തുന്നൊരതിഥിപോൽ
ചിതറിത്തെറിക്കുന്നൊരോർമ്മയാണ് മഴ
എരിയുന്ന കനലിലും കുളിരുന്നൊരോർമ്മകൾ
പൊഴിയുന്ന പൂമരമാണ് മഴ
അല തല്ലുന്ന കടലിലും പൊടി പാറുന്ന മണ്ണിലും
പ്രണയം പൊഴിക്കുന്ന മഴ



അവർണ്ണന്റെ കുടിലിലും സവർണ്ണന്റെ ഇല്ലത്തും
പാറിപതിഞ്ഞതാണീ മഴ
പഥികന്റെ പാട്ടിലുയരുന്ന
രോദനമാണീ മഴ
കാഥികന്റെ കടലാസിലുയരുന്ന
വരികളാണീ മഴ
എന്താണ് മഴ?
ഒരു നാൾ നിറഞ്ഞൊഴുകിയൊരു-
അരുവിയെഴുതും
മഴയെക്കുറിച്ചൊരുനീണ്ടകവിത
എന്താണ് മഴ.....?

പലനാൾ പാടിയ പാട്ടു മറന്ന
തവളകൾ ചൊല്ലും
മഴയെക്കുറിച്ചൊരു നീണ്ടകവിത
എതാണ് മഴ......?
ഇന്നും നാം കാത്തിരിക്കുന്നൊരു
അതിഥിയാണ് മഴ.....

SHAHNAS

# ഓർമത്താളുകളിലൂടെ......







# കൂട്ടുകാർ വരച്ച ചിത്രങ്ങൾ





















ജി. എച്ച്.എസ്.എസ്
കാവനൂർ
ചക്ക
മഹോത്സവം


GHSS KAVANUR
ടാലന്റ് ലാബ് - മാപ്പിളപ്പാട്ട്
ശിഹാബ് അരീക്കോട്.























# EDITORIAL BOARD

HUSNA SHERIN.C
SANDRA.P
HARSHA.P
HISANA THASNI.T
MUHAMMED MIDLAJ.I
AMAL IZAME.P
NIHIL.VP

